## <u>പോസ്റ്റ് ഓഫീസ് ശൃംഖലകൾ വഴി പാസ്പോർട്ട് സേവനങ്ങൾ കൂടുതൽ വ്യാപിക്കൽ</u>

ജനുവരി 24, 2017

ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ മറ്റൊരു ഉത്കർഷേച്ഛ നിറഞ്ഞ പദ്ധതിയായ പാസ്പോർട്ട് സേവ പദ്ധതി (പിഎസ്പി) , ദേശീയ ഈ-ഗവേണൻസ് പ്ലാനിന്റെ ഭാഗമായി പൊതു സ്വകാര്യ പങ്കാളിത്ത രീതിയിൽ (പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് -പിപിപി) വിജയകരമായി നടക്കുകയാണ് . ഗവൺമെന്റ് നിർവഹിക്കുന്ന വളരെ ശ്രദ്ധേയമായ നിയമപ്രകാരമുള്ള പൌര കേന്ദ്രീകൃതമായ ഒന്നായി ഇത് മാറിക്കഴിഞ്ഞു. എം/എസ് ടാറ്റാ കൺസൽട്ടൻസി സെർവീസസ് (ടിസിഎസ് ) ആണ് പിഎസ്പിയുടെ സേവന ദാതാക്കൾ

ഇപ്പോൾ നിലവിൽ , ഏറ്റവും മികച്ച രീതിയിലുള്ള സൌകര്യങ്ങളോടെ 89 പാസ്പോർട്ട് സേവ കേന്ദ്രങ്ങൾ ( പിഎസ്കെ), 38 പാസ്പോർട്ട് ഓഫീസുകളുടെ നീട്ടിയ ഹസ്തങ്ങളായി രാജ്യമെമ്പാടും പ്രവർത്തിക്കുന്നുണ്ട് , അതിലൂടെ പാസ്പോർട്ട് അപേക്ഷകർക്ക് സൌകര്യങ്ങൾ എത്തിക്കുകയാണ്. കഴിഞ്ഞ രണ്ടര വർഷങ്ങളായി രാജ്യത്തെ പാസ്പോർട്ട് സേവനങ്ങളിൽ ഗുണപരമായും പ്രവർത്തനളവിലും നിരവധി പരിഷ്ക്കാരങ്ങൾ വരുത്തിയിരുന്നു

പോയ വർഷങ്ങളിൽ , പാസ്പോർട് ബന്ധപ്പെട്ട സേവനങ്ങളുടെ വ്യാപ്തിയിൽ വികാസമുണ്ടായിട്ടുണ്ട് . ഗവൺമെന്റ് ഓഫ് ഇന്ത്യ 1.15 കോടി പാസ്പോർട്ടുകളും മറ്റ് ബന്ധപ്പെട്ട സേവനങ്ങളും 2016 കലണ്ടർ വർഷത്തിൽ നൽകുകയുണ്ടായി

പാസ്പോർട്ട് നൽകുന്നത് ത്വരിതമാക്കുന്നതിനു വേണ്ടി പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ട് ( പിവിആർ ) പൂർത്തിയാക്കുവാൻ എടുക്കുന്ന സമയം കുറക്കുന്നതിനായി കേന്ദ്ര വിദേശകാര്യമന്ത്രാലയം സംസ്ഥാനങ്ങളിലെ/യൂണിയൻ ടെറിറ്ററികളിലെ പോലീസ് വകുപ്പുകളുമായി വളരെയടുത്ത് ഇടപെടുന്നുണ്ട് . പിഎസ്പിയിൽ , പാസ്പോർട്ട് ഓഫീസുകളിൽ നിന്നും പാസ്പോർട്ട് അപേക്ഷകരുടെ രജിസ്റ്റർ ചെയ്യപ്പെട്ട മേൽവിലാസത്തിൽ

സമയബന്ധിതമായി പാസ്പോർട്ട് വിതരണം ചെയ്യുന്നതിൽ കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ വളരെ ശ്രേഷ്ഠമായ പങ്കാളിയാണ് ഡിപ്പാർട്മെന്റ് ഓഫ് പോസ്റ്റ്സ്

പാസ്പോർട്ട് വിതരണ പ്രക്രിയ ഉദാരമാക്കുന്നതിനും സുസംഘടിതമാക്കുവാനും എളുപ്പമാക്കുവാനുമായി , കേന്ദ്ര വിദേശ കാര്യ മന്ത്രലായം പാസ്പോർട്ട് നയ മണ്ഡലത്തിൽ നിരവധി മാറ്റങ്ങൾ കഴിഞ്ഞ വർഷം അവസാനത്തോടെ കൊണ്ടുവരികയുണ്ടായി , അത് പാസ്പോർട്ടിനു അപേക്ഷിക്കുന്ന ഇന്ത്യൻ പൌരന്മാരുടെ പ്രയോജനം പ്രതീക്ഷിച്ചു കൊണ്ടായിരുന്നു . പാസ്പോർട്ട് നിബന്ധനകളിലെ ഈ മാറ്റങ്ങൾ പാസ്പോർട്ടുകൾ ലഭിക്കുവാനായി പാസ്പോർട്ട് അപേക്ഷകരുടെ പ്രക്രിയയെ ഇനിയും കൂടുതൽ എളുപ്പമാക്കുമെന്ന് പ്രതീക്ഷിക്കുന്നു

പാസ്പോർട്ട് ഓഫീസുകളിൽ നിന്നും ദൂരെയായിട്ടുള്ള ജനങ്ങളിലേക്ക് എത്തുവാനും പാസ്പോർട്ടുകളുടെ ആവശ്യം സാധിക്കുവാനുമാണ് ഗവൺമെന്റിന്റെ ലക്ഷ്യം . നിരവധി ഇടങ്ങളിൽ പിഎസ്കെകൾ തുറക്കുക എന്നതാണ് ഒരു സമീപനം, ഇതനുസരിച്ച് വരും മാസങ്ങളിൽ , മദ്ധ്യപ്രദേശിലെ ഇൻഡോറിൽ , രാജസ്ഥാനിലെ ഉദയ്പൂരിൽ, വെസ്റ്റ് ബംഗാളിലെ സിലിഗുരിയിൽ , മഹാരാഷ്ട്രയിലെ ഷോലാപ്പൂരിൽ -നാലു പിഎസ്കെകൾ കൂടുതലായി ഉദ്ഘാടനം ചെയ്യുവാനായി ഗവൺമെന്റ് തീരുമാനിച്ചു . രണ്ടാമത്തെ സമീപനം , പാസ്പോർട്ട് സേവ ക്യാമ്പുകൾ നിരവധി പ്രദേശങ്ങളിൽ സംഘടിപ്പിക്കുക എന്നതാണ്. 2016 ൽ , അത്തരം 80 ക്യാമ്പുകൾ രാജ്യത്തെ വിവിധ മേഖലകളിൽ സംഘടിപ്പിച്ചിരുന്നു , അതിൽ നിന്നും 34,111 പാസ്പോർട്ട് അപേക്ഷകളുടെ നടപടിക്രമങ്ങൾ ചെയ്തിരുന്നു

നമ്മുടെ പൌരൻമാർക്ക് പാസ്പോർട് സേവനങ്ങൾ കൂടുതൽ വിശാലമായി എത്തിക്കുന്നതിനും വിശാലമായ മേഖലകൾ ഉൾക്കൊള്ളിക്കുന്നതിനും വേണ്ടി കേന്ദ്ര വിദേശകാര്യ മന്ത്രാലയവും (എംഇഎ) ഡിപ്പാർട്ട്മെന്റ് ഓഫ് പോസ്റ്റ്സ്(ഡിഓപി), നമ്മുടെ രാജ്യത്തെ പൌരൻമാർക്ക് പാസ്പോർട്ട് ബന്ധപ്പെട്ട സേവനങ്ങൾ നൽകുന്നതിനായി നിരവധി സംസ്ഥാനങ്ങളിലെ ഹെഡ് പോസ്റ്റ് ഓഫീസുകളെ (എച്ച്പിഓ) പോസ്റ്റ് ഓഫീസ് പാസ്പോർട് സേവ കേന്ദ്ര(പിഒപിഎസ്കെ)ങ്ങളായി ഉപയോഗിക്കുവാൻ ഇപ്പോൾ തീരുമാനിച്ചു . എംഇഎയുടെയും ഡിഒപിയുടെയും ഈ സംയുക്ത സംരംഭത്തിന്റെ . പൈലറ്റ് പദ്ധതികൾ ജനുവരി 25, 2017 നു

കർണാടകയിലെ മൈസൂർ എച്ച്പിഒ യിലും ഗുജറാത്തിലെ ദാഹോദിലും ഉദ്ഘാടനം ചെയ്യപ്പെട്ടു . ഈ രണ്ടു ഇടങ്ങളിലേക്കുമുള്ള പാസ്പോർട്ട് അപേക്ഷരുടെ നിയമനം ജനുവരി 25, 2017 നു തുടങ്ങുന്നത് പ്രസിദ്ധീകരിച്ചു . പാസ്പോർട്ട് പോർട്ടൽ വഴി അവരുടെ പാസ്പോർട്ടുകൾ ഓൺലൈനിൽ അപേക്ഷിച്ച അപേക്ഷകർക്കിനി , കൂടിക്കാഴ്ചക്കുള്ള ഷെഡ്യൂൾ ചെയ്യാം, പിന്നെ അനുവദിക്കപ്പെട്ട പിഒപിഎസ്കെ സന്ദർശിച്ചു , പാസ്പോർട്ട് വിതരണത്തിന് മുൻപുള്ള പിഎസ്കെയിലെ സമാനമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്യാം

ഐടി- വഴിയുള്ള പൊതു സേവനങ്ങളെ രാജ്യത്തെ ജനങ്ങളിലേക്ക് കൂടുതൽ എത്തിക്കുക എന്ന ഗവൺമെന്റിന്റെ മറ്റൊരു പൌര കേന്ദ്രീകൃത നടപടിയാണ് പാസ്പോർട്ട് ബന്ധപ്പെട്ട സേവനങ്ങൾ പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്നത് . പൌരൻമാർക്ക് പാസ്പോർട്ട് ബന്ധപ്പെട്ട സേവനങ്ങൾ സമയബന്ധിതമായി, സുതാര്യമായി, കൂടുതൽ പ്രാപ്യമായ രീതിയിൽ, കൂടുതൽ വിശ്വാസ്യമായ രീതിയിൽ , സുസംഘടിതമായ പ്രക്രിയയിലൂടെ , പ്രതിബദ്ധരായ , പരിശീലനം നേടിയ , ഉത്സാഹഭരിതരായ കർമസംഘം വഴി വിതരണം ചെയ്യുന്നത് തുടരുവാൻ ഗവൺമെന്റിനെ സഹായിക്കുവാനുള്ള മറ്റൊരു പ്രധാന ചുവടുവായ്പാണീ പങ്കാളിത്തം

പൈലറ്റ് പദ്ധതികൾ ഒരിക്കൽ വിജയരമായി പ്രവർത്തിച്ചാൽ , എല്ലാ ഹെഡ് പോസ്റ്റ് ഓഫീസുകളിലും പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവ കേന്ദ്രകൾ ഘട്ടം ഘട്ടമായി തുറക്കാൻ പാകത്തിന് ഗവൺമെന്റ് ഈ പദ്ധതിയെ ഉയർത്തുവാൻ താത്പര്യപ്പെടുന്നു

ന്യൂഡെൽഹി
ജനുവരി 24, 2017